# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1818. **07.03.2018-ൽ മറുപടിയ്ക്ക്**

വ്യാജ പ്രകൃതി ചികിത്സകരെ തടയാൻ സംവിധാനം

| ചോദ്യം<br>ശ്രീ. എ.എം.ആരിഫ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വ്യാജ പ്രകൃതി ചികിത്സാ രീതികൾ മൂലം ധാരാളം ചികിൽസാ പിഴവുകൾ ഉണ്ടാകുന്ന വാർത്തകൾ വന്നു കൊണ്ടിരിക്കേ പ്രസ്തുത വ്യാജ ചികിത്സകരെ തടയാൻ എന്തെങ്കിലും നിയമ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (എ) | **1953** ലെ **T.C.M.C.** ആക്ട് **38**-ാം വകുപ്പ് പ്രകാരം ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനില്ലാത്ത യാതൊരാൾക്കും കേരളത്തിൽ പ്രാക്ടീസ് നടത്താൻ കഴിയുകയില്ല. അപ്രകാരം രജിസ്ട്രേഷൻ നേടാതെ പ്രാക്ടീസ് നടത്തുന്നത് നിയമവിരുദ്ധമാകയാൽ ആയതിന് ക്രിമിനൽ നടപടിക്ക് സർക്കാരിനോട് ശുപാർശ ചെയ്യാൻ പ്രസ്തുത ആക്ടിന്റെ **44**-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ട്.<br>ഭാരതീയ ചികിത്സാ വകുപ്പിൽ വ്യാജ ചികിത്സരെ തടയാൻ നിയമസംവിധാനം ഇപ്പോൾ നിലവിലുണ്ട്. വ്യാജചികിത്സകരെ സംബന്ധിച്ച പരാതികൾ ജില്ലാ കളക്ടർ വഴി ലഭിക്കുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധന നടത്തി റിപ്പോർട്ട് നൽകാറുണ്ട്, കൂടാതെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലേക്ക് പരിശോധനയ്ക്കായി പരാതികൾ അയച്ചു കൊടുത്തും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ